"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4774/2024/GAD തീയതി,തിരുവനന്തപുരം, 29-10-2024

---

പരാമർശം:- 28.05.2024 - ലെ 81/SC1/2024/GA(SC) നമ്പർ വിജ്ഞാപനം

**ഉത്തരവ്**

നിയമ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ചുവടെ സൂചിപ്പിക്കുന്ന പ്രകാരം സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്പെഷ്യൽ സെക്രട്ടറി (₹129300-166800 ശമ്പള സ്കെയിൽ)**

**സ്ഥാനക്കയറ്റം / നിയമനം**

പരാമർശം പ്രകാരം ഏറ്റവും മുതിർന്ന അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി രാധിക പി. ബി.(പെൻ-104094)-യെ, ശ്രീമതി സാജിത എ., സ്പെഷ്യൽ സെക്രട്ടറി സർവ്വീസിൽ നിന്നും വിരമിച്ചിതിനെ തുടർന്നുണ്ടായ ഒഴിവിൽ, സ്പെഷ്യൽ സെക്രട്ടറിയായി സ്ഥാനക്കയറ്റം നൽകുന്നു.

സ്ഥാനക്കയറ്റത്തെ തുടർന്ന് ശ്രീമതി രാധിക പി. ബി-യെ, ശ്രീമതി സുചിത്ര കെ. ആർ. -നെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമ വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായി നിയമിക്കുന്നു.

**സ്ഥലംമാറ്റം / നിയമനം**

1) സ്പെഷ്യൽ സെക്രട്ടറിയും അന്യത്രസേവന വ്യവസ്ഥയിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സെക്രട്ടറിയുമായ ശ്രീ. എസ്. എച്ച്. ജയകേശൻ (പെൻ-132487)-ന്റെ അന്യത്ര സേവന കാലാവധി 25.10.2024-ന് അവസാനിക്കുന്ന മുറയ്ക്ക് ശ്രീമതി സാജിത എ., സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ , സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷനിൽ ചീഫ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷണറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

2) സ്പെഷ്യൽ സെക്രട്ടറിയായ ശ്രീമതി സുചിത്ര കെ. ആർ.(പെൻ-132554)-ന് സ്ഥലംമാറ്റം

നൽകി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സെക്രട്ടറിയായ ശ്രീ. എസ്.എച്ച്. ജയകേശൻ - നെ സ്ഥലംമാറ്റുന്ന ഒഴിവിൽ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയമ വകുപ്പ് മുഖേന)
നിയമ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സംസ്ഥാന സഹകരണ ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം-
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeep Kumar V I
Date: 29-10-2024 14:36:50

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി.എസ് - ന്
ബഹു. നിയമ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ - യ്ക്ക്
നിയമ വകുപ്പ് സെക്രട്ടറിയുടെ പി.എ - യ്ക്ക്